K16U 1146

Reg. No.:

Name :

**II Semester B.A./B.Sc. Degree (CCSS – Reg./Supple./Improve.)**
**Examination, May 2016**
**COMMON COURSE IN MALAYALAM**
**2A 08 MAL : ഗദ്യരൂപങ്ങൾ**
**(2014 Admn. Onwards)**

Time : 3 Hours    Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) ''എന്നാൽ വാൽമീകിയുടെ ആ വൈദഗ്ദ്ധ്യത്തിൽ കണ്ണെത്തിയ ക്രാന്തദർശികളും നമുക്കുണ്ടാകാതിരുന്നിട്ടില്ല'' മാരാർ വിശദീകരിക്കുന്ന ക്രാന്തദർശിത്വം ചർച്ച ചെയ്യുക.

2) സി. എൻ. ശ്രീകണ്ഠൻനായരുടെ 'ലങ്കാലക്ഷ്മി' ഒരു ദുരന്തനാടകമോ ? – ചർച്ച ചെയ്യുക.

3) 'എന്മകജെ' എന്ന നോവൽ ഒരു ദേശത്തെ മിത്തിന്റേയും യാഥാർത്ഥ്യത്തിന്റേയും പാരിസ്ഥിതിക ഇടപെടലുകളുടെയും കലർപ്പാണ് – വിശദീകരിക്കുക.

4) ഒരു മനുഷ്യസ്നേഹിയായ ഡോക്ടർ എങ്ങനെ പെരുമാറണമെന്ന് കാട്ടിത്തരുന്ന കൃതിയാണ് 'ഡോ. വി. പി. ഗംഗാധരന്റെ അനുഭവങ്ങൾ' – വിശദീകരിക്കുക. **(2×7=14)**

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''അവൾ വളരെ വേഗത്തിൽ ക്ഷോഭിച്ച് കാര്യം മുഴുവൻ വഷളാക്കിക്കളഞ്ഞു'' – ആരെക്കുറിച്ചാണ് മാരാർ ഇപ്രകാരം നിരീക്ഷിക്കുന്നത് ? – വിശദീകരിക്കുക.

6) ലങ്കാലക്ഷ്മിയിലെ 'വിഭീഷണൻ' എന്ന കഥാപാത്രത്തിന്റെ നിലപാട് വിശദീകരിക്കുക.

7) എന്മകജെ എന്ന നോവലിൽ ആവിഷ്കരിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വിശദീകരിക്കുക.

8) ''ഞാൻ എല്ലാ മാസവും ഇവിടെ വന്നിരിക്കാറുണ്ട് ഡോക്ടർ.'' ആരാണ് എല്ലാ മാസവും വന്നിരിക്കുന്നത് ? കാരണമെന്ത് ? സന്ദർഭം വിശദീകരിക്കുക.

P.T.O.

9) ''ആരും എന്നോട് പറഞ്ഞില്ലെങ്കിലും ഞാൻ അറിഞ്ഞിരുന്നു അങ്കിൾ. എനിക്കറിയാമായിരുന്നു. എന്റെ അച്ഛൻ പോയിന്ന് '' – വിശദീകരിക്കുക.

10) ''ശൃംഗാരവീര്യരൗദ്രങ്ങളുടെ വശ്യമായ സമ്മേളനം നാം രാവണനിൽ ദർശിക്കുന്നു'' – പരിശോധിക്കുക. **(4×3=12)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

11) ''ഇഷ്ടപതിയെ വീണ്ടെടുക്കാൻ വെട്ടുന്ന പോരിൽ ഏതൊരുവനും ഇരട്ടി ബലമുള്ളവനായിരിക്കും'' – സന്ദർഭം വിശദീകരിക്കുക.

12) ''രാക്ഷസൻ രാക്ഷസനെ വഞ്ചിച്ചു ; അല്ലേ'' – ആരാണ് വഞ്ചിച്ചത് ? വിശദീകരിക്കുക.

13) 'ഭരതന്റെ ഭാഗത്തു ചേരുവാനും ആളുകൾ ധാരാളമുണ്ടാകും'. എപ്പോൾ ? സന്ദർഭമെഴുതുക.

14) ''എനിക്കൊന്നും ആലോചിക്കാനില്ല ഡോക്ടർ. എന്ത് ചെലവ് വന്നാലും ഞാൻ ദേവിയെ ചികിത്സിപ്പിക്കും'' – ഈ വാക്കുകളിൽ തെളിയുന്ന മാനവികത വിശദീകരിക്കുക.

15) 'എന്മകജെ'യിലെ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.

16) 'എന്മകജെ' എന്ന നോവലിലെ ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ച് കുറിപ്പെഴുതുക. **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) തനതു നാടകപ്രസ്ഥാനത്തിനു തുടക്കമായ ശ്രീകണ്ഠൻ നായരുടെ നാടകം ഏത് ?

18) 'കൊമേഴ്സ്യൽ ബ്രേക്ക് ' എന്ന കൃതി ആരെഴുതിയതാണ് ?

19) 'എന്മകജെ' എന്ന വാക്ക് വിവക്ഷിക്കുന്ന അർത്ഥമെന്ത് ?

20) 'വാൽമീകിയുടെ രാമൻ' എന്ന ലേഖനം ഏത് കൃതിയിൽ നിന്നെടുത്തതാണ് ?

21) മാരാർ മഹാഭാരതത്തെ ആസ്പദമാക്കി രചിച്ച കൃതിയേത് ?

22) ''അർത്ഥം കൊതിച്ചു ലോകത്തിൽ
വാഴ്വാൻ നോക്കില്ല ദേവി, ഞാൻ'' – എന്ന് പറയുന്നതാര് ?

23) 'താരയുടെ മകനേ ഇതു ചെയ്യാൻ കഴിയൂ' താരയുടെ മകൻ ആര് ?

24) ''ശസ്ത്രത്തിന്റെ ഭാഷ അശോകവനിയിൽ ചെന്ന് ആ സ്ത്രീയെ ഒരു വെട്ടിനു കൊല്ലുകയാണ് '' – ആരാണിങ്ങനെ പറയുന്നത് ? **(6×1=6)**

---